## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2378 05.02.2018-ലെ മറുപടിയ്ക്ക്

## അന്തർദേശീയ നിലവാരത്തിലുള്ള സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. വിൻസെന്റ്<br>,, അനൂപ് ജേക്കബ്<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് അന്തർദേശീയ നിലവാരത്തിലുള്ള സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) & (ബി) | 2016-17 സാമ്പത്തിക വർഷം ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു സ്റ്റേഡിയം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ 19 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിൽ 11 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനു കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 2016-17-ലെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ 7 സ്റ്റേഡിയങ്ങളുടെ നിർമ്മാണം കൂടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ മിനി സ്റ്റേഡിയങ്ങളുടെ ലിസ്റ്റിൽ പറളി, മേപ്പയൂർ, ഫറോഖ് ഗണപതി എന്നീ സ്കൂളുകളെക്കൂടി |
| (ബി) | ഇതിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിട്ടുണ്ട്. പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, തിരൂർ ഫുട്ബോൾ സ്റ്റേഡിയം, തൃശ്ശൂർ അക്വാറ്റിക് കോംപ്ലക്സ്, വടകര ഇൻഡോർ സ്റ്റേഡിയം, ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, പയ്യന്നൂർ, പുനലൂർ നഗര സഭാ സ്റ്റേഡിയങ്ങൾ എന്നിവയേയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്റ്റേഡിയങ്ങളുടെ കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>പാലക്കാട് കോട്ടായി എച്ച്.എസ്.എസ്. ഗ്രൗണ്ട്, കണ്ണമ്പ്ര പഞ്ചായത്ത് ഗ്രൗണ്ട് എന്നിവിടങ്ങളിൽ വിവിധോദ്ദേശ്യ കായിക അടിസ്ഥാന സൗകര്യ നിർമ്മാണത്തിനായി 10 കോടി രൂപയും, തൃശ്ശൂർ കുന്നംകുളം ജി.എച്ച്.എസ്.എസ് സ്റ്റേഡിയം നവീകരണത്തിനായി 5 കോടി തൊണ്ണൂറ്റിയെട്ടായിരം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പന്തളത്ത് ചേരിക്കൽ പട്ടികജാതി കോളനിയ്ക്കുള്ളിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ പ്രത്യേക ഗ്രാന്റായും അനുവദിച്ചിട്ടുണ്ട്.<br>കൂടാതെ, 35-ാമത് ദേശീയ ഗെയിംസിനു വേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങളുടെ പരിശീലനം, ഭക്ഷണം, താമസസൗകര്യം, കായിക ഉപകരണങ്ങൾ മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച രീതിയിലുള്ള സൗകര്യങ്ങൾ നൽകുന്നതിനായി സ്പോർട്സ് |

| | | | |
|---|---|---|---|
| | | | ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>കൂടാതെ ഫിഫ അണ്ടർ 17 ലോകകപ്പ് വേദിയായ കൊച്ചിയിലെ റോഡുകളുടെ സൗന്ദര്യവൽക്കരണം/നവീകരണം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തികൾക്ക് 17.77 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.<br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിന്റെ ഭാഗമായി Natural Turf Football Field of International Standards with Sprinkler facilities, a two storied football, training centre, change room എന്നിവ നിർമ്മിയ്ക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.<br>കൂടാതെ പ്രസ്തുത സ്റ്റേഡിയത്തിൽ ഫ്ലഡ് ലൈറ്റ് സംവിധാനം ഒരുക്കുന്നതിലേയ്ക്കായി 1,05,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>കായിക വകുപ്പിന് കൈമാറി കിട്ടിയ ജി.വി.രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 19.66 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | കേരള കായിക ക്ഷമതാ മിഷൻ രൂപീകരണം ഏത് ഘട്ടത്തിലാണ്; ഇതിലൂടെ ലക്ഷ്യമിടുന്നത് എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വേണ്ടി ആവിഷ്കരിക്കുന്ന പദ്ധതിയാണ് "കായിക ക്ഷമത മിഷൻ "<br>ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരം തിരിയ്ക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | ➢ നഴ്സറി മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ<br>➢ 8-ാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ<br>➢ യൂണിവേഴ്സിറ്റി തലം<br>➢ യുവജനങ്ങൾ മുതൽ മുതിർന്ന പൗരൻമാർ വരെ<br>ഇതിൽ യൂണിവേഴ്സിറ്റി തലത്തിലുള്ള വിദ്യാർത്ഥികൾക്കായുള്ള പരിശീലന പരിപാടികൾ വിഭാവനം ചെയ്യുന്നതിനുള്ള അവസാന ഘട്ട ചർച്ചകൾ നടന്നു വരുന്നു. ബാക്കി വിഭാഗങ്ങൾക്ക് ആവശ്യമായ പരിശീലനപരിപാടികൾ അതാത് തലങ്ങളിലെ വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് തീരുമാനിച്ചു കഴിഞ്ഞു.<br>വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹായസഹകരണത്തോടു കൂടിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) | സ്പോർട്സ് ഡയറക്ടറേറ്റും, സ്പോർട്സ് കൗൺസിലും സംയോജിപ്പിക്കുന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല |

**സെക്ഷൻ ഓഫീസർ**